സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിറ്റുവരവ്

26(*311) ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രതിമാസ വിറ്റുവരവ് എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ നഷ്ടത്തിലാണോ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) നഷ്ടമാണെങ്കിൽ എത്ര ; ലാഭത്തിലാണെങ്കിൽ എത്ര ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നഷ്ടത്തിലാണോ ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) നഷ്ടമായിരുന്നുവെങ്കിൽ എത്ര ; ലാഭത്തിലായിരുന്നുവെങ്കിൽ എത്ര ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ശരാശരി പ്രതിമാസ വിറ്റുവരവ് 4656 ലക്ഷം രൂപയാണ്.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) 1999-2000-ൽ 1642 ലക്ഷം രൂപയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നഷ്ടം. ഈ കണക്ക് ഓഡിറ്റിന് വിധേയമാക്കാത്തതാണ്.

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത്.

(ഇ) 1995-96-ലെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നഷ്ടം 2829 ലക്ഷം രൂപയായിരുന്നു.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജനുവരി 10-ന് സെക്രട്ടേറിയറ്റിൽ നടന്ന സംഭവങ്ങൾ സംബന്ധിച്ച് അന്വേഷണം

1(1691) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി 10-ന് നടന്ന പണിമുടക്കിൽ പങ്കെടുക്കാതെ ജോലിക്ക് ഹാജരായ ഏതെങ്കിലും ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly